**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5198** **23.05.2017 ൽ മറുപടിയ്ക്ക്**

**"കൃഷിഭവൻ തലം മുതൽ വിപണന രംഗത്ത് ജീവനക്കാരെ നിയോഗിക്കുന്നതിന് നടപടി"**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി ദേവസ്സി | ശ്രീ. വി.എസ് സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| (എ) നെല്ല്, പച്ചക്കറി എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായുള്ള ഇടപെടലുകൾക്കൊപ്പം തന്നെ ഉല്പന്നങ്ങളുടെ വിപണനരംഗത്തും കാര്യക്ഷമമായ ഇടപെടലുകൾ നടത്തുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ; | എ) സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ലിന് ന്യായവില ഉറപ്പാക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നെല്ല് സംഭരിച്ചു വരുന്നു. കേന്ദ്ര സർക്കാർ നെല്ലിന് പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില, കേരളത്തിലെ ഉൽപാദന ചെലവിനേക്കാൾ കുറവായതിനാൽ കിലോയ്ക്ക് 22.50 എന്ന ഉയർന്ന വിലയ്ക്കാണ് സംസ്ഥാന സർക്കാർ നെല്ല് സംഭരിക്കുന്നത്. കൃഷി വകുപ്പിന്റെ മൊത്ത വ്യാപാര വിപണികൾ ജില്ലാ സംഭരണ കേന്ദ്രങ്ങൾ എന്നിവ മുഖേന പച്ചക്കറി കർഷകർക്ക് ഇടനിലക്കാരെ ഒഴിവാക്കി ഉൽപന്നങ്ങൾ നേരിട്ട് ലേലം ചെയ്ത് വിൽക്കാനുള്ള സൗകര്യം ലഭ്യമാണ്. ഉൽപന്നങ്ങൾ എത്തിക്കുന്നതിന് കർഷകർക്ക് ട്രാൻസ്പോർട്ട് സബ്സിഡിയും നൽകിവരുന്നു. കർഷകർ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ ന്യായമായ വില നൽകി ഹോർട്ടികോർപ്പ് മുഖേന സംഭരിച്ച് വിൽപന നടത്തി വരുന്നു. ഉത്സവസീസണുകളിൽ സർക്കാരിന്റെ വിപണി ഇടപെടലിന്റെ ഭാഗമായി കൃഷി വകുപ്പും ഹോർട്ടികോർപ്പും വി.എഫ്.പി.സി.കെയും റീട്ടെയിൽ വിപണികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇക്കഴിഞ്ഞ ഓണക്കാലത്തും വിഷുവിനും കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കർഷകരിൽ നിന്നും ന്യായവില നൽകി സംഭരിച്ച വിഷരഹിതമായ പഴം പച്ചക്കറികൾ പ്രത്യേകം സംഘടിപ്പിച്ച വിപണികളിലൂടെ ഉപഭോക്താക്കൾക്ക് പൊതുവിപണിയേക്കാൾ 30% കുറഞ്ഞ നിരക്കിൽ നാടൻ ഉല്പന്നങ്ങളും 10% കുറഞ്ഞ വിലയിൽ ജി.എ.പി ഉല്പന്നങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) കൃഷി വകുപ്പിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തി, കൃഷിഭവൻ തലം മുതൽ വിപണന രംഗത്തും ജീവനക്കാരെ നിയോഗിക്കുന്നതിനും ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പ് വരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) ഇക്കാര്യം സർക്കാർ പരിഗണിച്ചു വരുന്നു. വകുപ്പിന്റെ മാർക്കറ്റിംഗ് വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**